compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഒക്ടോബർ 21
Tuesday, 21st October 2025

1201 തുലാം 4
4th Thulam 1201

1947 ആശ്വിനം 29
29th Aswina 1947

വാല്യം 14
Vol. XIV

നമ്പർ / **No.** **42**

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : ശ്രീ. സുരേന്ദ്രൻ ചെമ്പ്ര)

നമ്പർ JRMPM/3598/2024/AEL. 2025 സെപ്റ്റംബർ 27.

വിഷയം :—സമാപ്തീകരണം—മഞ്ചേരി കോ-ഓപ്പറേറ്റീവ് കൺസ്യൂമർ കാന്റീൻ ക്ലിപ്തം നമ്പർ എം. 381—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) മലപ്പുറം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 18-11-2024-ലെ JRMPM/1928/2023/HMC-1 ഉത്തരവ്.

(3) സംഘം ലിക്വിഡേറ്ററുടെ 15-9-2025 തീയതിയിലെ അന്തിമ പൊതുയോഗ തീരുമാനം.

(4) മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാറുടെ 20-9-2025-ലെ ARGMJI/1382/2024/UI(1) നമ്പർ കത്ത്.

(5) മലപ്പുറം സഹകരണസംഘം (ജനറൽ) ജോയിന്റ് രജിസ്ട്രാറുടെ 21-8-2025-ലെ JRMPM3598/2024/AEL നമ്പർ ഉത്തരവ്.

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ മഞ്ചേരി ആസ്ഥാനമാക്കി ഒരു സഹകരണ സംഘമായി 16-10-1987-ൽ രജിസ്റ്റർ ചെയ്യപ്പെട്ട് 23-11-1987-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത മഞ്ചേരി കോ-ഓപ്പറേറ്റീവ് കൺസ്യൂമർ കാന്റീൻ ക്ലിപ്തം നമ്പർ എം. 381-ന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം 18-11-2024-ന് സമാപ്തീകരിച്ച് കൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ മഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിക്കുകയും 5-12-2024-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു.

കേരള സഹകരണ സംഘം നിയമം വകുപ്പ് 73(2എ) പ്രകാരം ക്ലിപ്തപ്പെടുത്തിയ കാലാവധിക്കുള്ളിൽ തന്നെ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കി അന്തിമ പൊതുയോഗം 18-9-2025-ന് വിളിച്ച് ചേർക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ പൊതുയോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശിപാർശ ചെയ്ത് പരാമർശം (4) പ്രകാരം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി അപേക്ഷ പരിശോധിച്ച് ബോധ്യപ്പെട്ട വസ്തുതകൾ താഴെ നൽകുന്നു.

സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69 (2)-ന് വിധേയമായി ക്ലെയിം നോട്ടീസ് യഥാവിധി പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ട്. സംഘത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ചുകൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി പിരിച്ചെടുക്കാൻ സാധിക്കുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്ത് വീട്ടാൻ സാധിക്കുന്നവ കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്. കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിന്നും അനുവദിച്ച തുക വിനിയോഗിച്ച് ആഡിറ്റ് ഫീസ് അടവാക്കുകയും സംഘത്തിൽ നിന്നും മുതൽ കൂട്ടിയ തുകയുടെ 15% നിരക്കിൽ ₹ 20 ലിക്വിഡേഷൻ ചാർജ്ജായി സർക്കാരിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ആസ്തി ബാധ്യതകൾ താഴെ നൽകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബാധ്യതകൾ	തുക ₹	ആസ്തികൾ	തുക ₹
ഓഹരി മൂലധനം	11100.00	ക്യാഷ്-ബാങ്കിൽ	188.64
കരുതൽ ധനം	177.43	പലവക	11.00
മറ്റ് ഫണ്ടുകൾക്ക് കരുതൽ	15772.27	ജംഗമം-അകസാമാനം	10125.15
വിദ്യാഭ്യാസ ഫണ്ട്	2.50	അഡ്വാൻസ് സംഘത്തിന് വരേണ്ടവ	10077.77
സിൽബന്ധി ചെലവും തൻ ചെലവും	894.00	അറ്റ നഷ്ടം	34793.81
അഡ്വാൻസ് സംഘം നൽകേണ്ടവ	26719.50		
മുന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം	530.67		
ആകെ	55196.37	ആകെ	55196.37

ലികിഡേഷൻ നടപടികളുടെ ഭാഗമായി ലികിഡേറ്റർക്ക് യാതൊരു നിലക്കും ഈടാക്കാൻ സാധിക്കാത്ത ₹ 55196.37-യുടെ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത ₹ 55196.37-യുടെ ബാധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും കണ്ട് കെട്ടുന്നതിനും ലികിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ ആയതിനു ശിപാർശ ചെയ്തതിന്റേയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും കണ്ട് കെട്ടിയും പരാമർശം (5) പ്രകാരം ഉത്തരവാകുകയും ചെയ്തു.

എഴുതി തള്ളിയും കണ്ട് കെട്ടുകയും ചെയ്ത ആസ്തികളും ബാധ്യതകളും താഴെ നൽകുന്നു.

ബാധ്യതകൾ	തുക ₹	ആസ്തികൾ	തുക ₹
ഓഹരി മൂലധനം	11100.00	ക്യാഷ്-ബാങ്കിൽ	21.10
കരുതൽ ധനം	177.43	പലവക	11.00
മറ്റ് ഫണ്ടുകൾക്ക് കരുതൽ	15772.27	ജംഗമം-അകസാമാനം	10125.15
വിദ്യാഭ്യാസ ഫണ്ട്	2.50	അഡ്വാൻസ് സംഘത്തിന് വരേണ്ടവ	10077.77
സിൽബന്ധി ചെലവും തൻ ചെലവും	252.00	അറ്റ നഷ്ടം	34961.35
അഡ്വാൻസ് സംഘം നൽകേണ്ടവ	26719.50		
കോമൺ ലികിഡേഷൻ ഫണ്ടിനത്തിൽ ലഭിച്ച തുക	369.00		
മുന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം	530.67		
ആകെ	55196.37	ആകെ	55196.37

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ പ്രകാരമുള്ള നടപടികൾക്ക് ശേഷം ലിക്വിഡേറ്ററുടെ പേരിലുള്ള ബാങ്ക് നിക്ഷേപം അവസാനിപ്പിച്ച് ബാക്കി നിന്നിരുന്ന തുകയും പലിശയും മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് 16-9-2025-ന് അടവാക്കുകയും ചെയ്തിട്ടുണ്ട്.

ലിക്വിഡേഷൻ ആഡിറ്റ് യഥാവിധി എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്.

സർക്കാർ ബാധ്യതകൾ മുഴുവനായും അടവാക്കിയിട്ടുണ്ട്. സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് അന്തിമ പൊതുയോഗം 15-9-2025-നു ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് സംഘത്തിന്റെ അന്തിമപൊതുയോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് 73 (3)-ന് വിധേയമായ റിപ്പോർട്ട് സഹിതം മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ പരിശോധിച്ച് മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ശിപാർശയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

മഞ്ചേരി കോ-ഓപ്പറേറ്റീവ് കൺസ്യൂമർ കാന്റീൻ ക്ലിപ്തം നമ്പർ എം. 381-ന്റെ അന്തിമ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം 1969 ചട്ടം 70 പ്രകാരം മൂന്ന് വർഷം സുരക്ഷിതമായ് സൂക്ഷിക്കേണ്ടതും ടി കാലാവധിക്കുശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായ് നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോട്ടയം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(സാന്നിധ്യം : പി. പി. സലിം)

നമ്പർ JRGKTM/475/2025/AEL. 2025 സെപ്റ്റംബർ 29.

വിഷയം :—സഹകരണവകുപ്പ്—സമാപ്തീകരണം -കെ. 1059 വാനില ഗ്രോവേഴ്സ് സഹകരണ സംഘം ക്ലിപ്തം—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :—(1) ഈ ഓഫീസിലെ 23-1-2024-ലെ എ.ഇ.എൽ. 1067/2022 നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 29-9-2025-ലെ JRGKTM/475/2025-AEL നമ്പർ ഉത്തരവ്.

(3) 18-9-2025-ലെ 6-ാം നമ്പർ പൊതുയോഗ തീരുമാനം.

(4) ലിക്വിഡേറ്ററുടെ 29-9-2025-ലെ 1-ാം നമ്പർ തീരുമാനം.

(5) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാറുടെ 29-9-2025-ലെ ARGKTM/136/2024-UI(4) നമ്പർ കത്ത്.

കോട്ടയം ജില്ലയിലെ പുതുപ്പള്ളി ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച കെ. 1059 വാനില ഗ്രോവേഴ്സ് സഹകരണ സംഘം ക്ലിപ്തത്തിന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത ബാധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും, കണ്ടുകെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആയത് ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും, കണ്ടുകെട്ടിയും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

സംഘത്തിന്റെ എ.ഇ.എൽ. ആഡിറ്റ് യഥാവിധി എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ ബാധ്യതകൾ ഒന്നും തന്നെ കൊടുത്ത് തീർക്കാൻ ഇല്ല. അന്തിമ പൊതുയോഗം ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 73(3)-ന് വിധേയമായ റിപ്പോർട്ട് സഹിതം ലിക്വിഡേറ്റർ പരാമർശം (4) അപേക്ഷ സമർപ്പിക്കുകയും, കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

കെ 1059 വാനില ഗ്രോവേഴ്സ് സഹകരണ സംഘം ക്ലിപ്തത്തിന്റെ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക് ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, കോട്ടയം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

REGISTRATION CERTIFICATE

File No. REG/K/2025/00035. *4th October 2025.*

I do hereby certify in exercise of the powers conferred upon me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the The Peoples Labour Contract Co-operative Society Ltd., in Kasaragod Taluk, Kasaragod District is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the aforesaid Society are also hereby registered under the said section. The registration number of the society is K. 606.

CATEGORICAL STATEMENT

1. Name and Number of the Society—The Peoples Labour Contract Co-operative Society Ltd. K 606.
2. Date of Registration—4-10-2025.
3. Address—Edneer P. O., Kasaragod-671541.
4. Liability—Limited.
5. Area of Operation—The Areas covered by the Kasaragod Revenue District Except The Panathady and Kodom Belur Gramapanchayaths.
6. Main Object—To give Labour to Members.
7. Type of Society—Labour Contract Co-operative Societies—Primary-as per Rule 15-(9)(1).
8. Authorized Share Capital—₹ 1,25,00,000.
   (1) 10000 'A' Class shares of ₹ 250 each
   (2) 2000 'B' Class shares of ₹ 5,000 each
9. Maximum Borrowing Power—150 times of paidup Share Capital + Reserve Fund.

Office of the Joint Registrar
of Co-operative Societies (General), (Sd.)
Kasaragod. *Joint Registrar of Co-operative Societies (General).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : ശ്രീ. സുരേന്ദ്രൻ ചെമ്പ്ര)

നമ്പർ JRMPM/622/2025-AEL. 2025 സെപ്റ്റംബർ 12.

വിഷയം :—സമാപ്തീകരണം—പൊന്മള സഹകരണ അർബൻ ബാങ്ക് (യു. എൽ) ക്ലിപ്തം നമ്പർ എം. 649—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മലപ്പുറം-ന്റെ 7-10-2011-ലെ സി.ആർ.ബി/2966/2007 നമ്പർ ഉത്തരവ്.

(2) കേരള സർക്കാരിന്റെ 28-6-2014-ലെ ജി.ഒ (എം. എസ്) 85/2015/സഹ.നമ്പർ ഉത്തരവ്.

(3) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മലപ്പുറം-ന്റെ 6-2-2016-ലെ എ ഇ എൽ/3061/2012 നമ്പർ ഉത്തരവ്.

(4) സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) 18-2-2024-ലെ RCS/12238/2022/AEL(1) നമ്പർ ഉത്തരവ്.

(5) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മലപ്പുറം-ന്റെ 20-7-2025-ലെ ജെ. ആർ. എം. പി. എം /622/2025/എ. ഇ. എൽ നമ്പർ ഉത്തരവ്.

(6) സംഘം ലിക്വിഡേറ്ററുടെ 8-9-2025 തീയതിയിലെ പൊതുയോഗ തീരുമാനം.

(7) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാറുടെ 10-9-2025-ലെ ആർ. ജി. ടി. ഐ. ആർ/673/2024/ യു. ഐ (1) നമ്പർ കത്ത്.

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ പൊന്മള ആസ്ഥാനമാക്കി ഒരു അർബൻ സഹകരണ സംഘമായി 1-2-2002-ൽ രജിസ്റ്റർ ചെയ്യപ്പെട്ട് 15-2-2002-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്ത പൊന്മള സഹകരണ അർബൻ ബാങ്ക് (യു.എൽ) ക്ലിപ്തം നമ്പർ എം 649-ന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചു കൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ എ. ആർ. സി. & ഇ. പി ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിക്കുകയും 29-9-2012-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു.

എന്നാൽ പരാമർശം (2) പ്രകാരം തിരൂരങ്ങാടി, നിലമ്പൂർ സർക്കിളുകൾ രൂപീകരിച്ചതിനെ തുടർന്ന് സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ മാറ്റം വരുകയും ആയതിനെ തുടർന്ന് പൊന്മള സഹകരണ അർബൻ ബാങ്ക് (യു.എൽ) ക്ലിപ്തം നമ്പർ എം. 649-ന്റെ ലിക്വിഡേറ്ററായി തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കുറ്റിപ്പുറം യൂണിറ്റ് ഇൻസ്പെക്ടറെ പരാമർശം (3) പ്രകാരം ലിക്വിഡേറ്ററായി മാറ്റി നിയമിക്കുകയും ലിക്വിഡേഷൻ നടപടികൾ തുടർന്ന് വരുകയും ചെയ്തു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ആസ്തി-ബാധ്യതകൾ താഴെ നൽകുന്നു.

ബാധ്യതകൾ	തുക ₹	ആസ്തികൾ	തുക ₹
ഓഹരി	466105.00	ക്യാഷ് ഇൻ ഹാന്റ്	43.00
ഡെപ്പോസിറ്റ്	177699.00	ക്യാഷ് അറ്റ് ബാങ്ക്	31042.00
ഡിപ്രിസിയേഷൻ ഫണ്ട്	115027.78	ഇൻവെസ്റ്റ്മെന്റ് ഇൻ ഷെയർ ഓഫ് അതർ സൊസൈറ്റി	100.00
റിസർവ്വ് ഫോർ ഓവർ ഡ്യൂ ഇന്ററസ്റ്റ്	159579.00	പെഴ്സണൽ സെക്യൂരിറ്റി ലോൺ	163295.00
ഇന്ററസ്റ്റ് പേയബിൾ	4913.00	ഇന്ററസ്റ്റ് റിസീവെബ്ൾ	159829.00
സ്റ്റാഫ് സെക്യൂരിറ്റി ഡെപ്പോസിറ്റ്	1000.00	ഫർണീച്ചർ	189742.43
എസ്റ്റാബ്ലിഷ്മെന്റ് & കണ്ടിജൻസി പേയബിൾ	55432.00	അഡ്ജസ്റ്റിംഗ് ഹെഡ് ഡ്യു ടു	850.00
അഡ്ജസ്റ്റിംഗ് ഹെഡ് ഡ്യു ബൈ	850.00	നെറ്റ് ലോസ്സ്	690267.35
റിസർവ്വ് ഫോർ ബാഡ് & ഡൗട്ട്ഫുൾ ഡെബ്റ്റ് & അസറ്റ്	254553.00		
റിസർവ്വ് ഫോർ ലിസ്റ്റ് ഡിഫറൻസ്	10.00		
ആകെ	1235168.78		1235168.78

സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് 19-1-2013-ന് യഥാവിധി കേരള സർക്കാർ ഗസറ്റിൽ ഉൾപ്പെടെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ചുകൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി പിരിച്ചെടുക്കാൻ സാധിക്കുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്ത് വീട്ടാൻ സാധിക്കുന്നവ കൊടുത്ത് തീർക്കുകയും റിസർവ്വുകളും പ്രൊവിഷനുകളും ലാഭ-നഷ്ട കണക്കിൽ ചാർജ്ജ് ചെയ്തതിനും ശേഷം സംഘത്തിന്റെ ആസ്തി-ബാധ്യത കണക്കിൽ തുടർന്നും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ലിക്വിഡേറ്ററുടെ പേരിലുള്ള ബാങ്ക് നിക്ഷേപം ₹10719 ഒഴികെയുള്ള ₹657280-ന്റെ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത ₹667999-ന്റെ ബാധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും കണ്ട് കെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ ആയതിനു ശുപാർശ ചെയ്തതിന്റേയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും കണ്ട് കെട്ടിയും പരാമർശം (5) പ്രകാരം ഉത്തരവാകുകയും ചെയ്തു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എഴുതി തള്ളിയും കണ്ട് കെട്ടുകയും ചെയ്ത ആസ്തികളും ബാധ്യതകളും താഴെ നൽകുന്നു:

ബാധ്യതകൾ	തുക	ആസ്തികൾ	തുക
	₹		₹
ഓഹരി	466105.00	ഇൻവെസ്റ്റ്മെന്റ് ഇൻ ഷെയർ ഓഫ് അതർ സൊസൈറ്റി	100.00
ഡെപ്പോസിറ്റ്	177699.00	പെഴ്സണൽ സെക്യൂരിറ്റി ലോൺ	163295.00
ഇന്ററസ്റ്റ് പേയെബിൾ	4913.00	ഇന്ററസ്റ്റ് റിസീവെബിൾ	159829.00
സ്റ്റാഫ് സെക്യൂരിറ്റി ഡെപ്പോസിറ്റ്	1000.00	ഫർണീച്ചർ	135410.00
എസ്റ്റാബ്ലിഷ്മെന്റ് & കണ്ടിജൻസി പേയെബിൾ	17432.00	അഡ്ജസ്റ്റിംഗ് ഹെഡ് ഡ്യു ടു	850.00
അഡ്ജസ്റ്റിംഗം ഹെഡ് ഡ്യു ബൈ	850.00	നെറ്റ് ലോസ്സ്	197796.00
ആകെ	667999.00	ആകെ	657280.00

മേൽ പ്രകാരമുള്ള നടപടികൾക്ക് ശേഷം ലിക്വിഡേറ്ററുടെ പേരിലുള്ള ബാങ്ക് നിക്ഷേപം അവസാനിപ്പിച്ച സംഘം കണക്കിൽ ലിക്വിഡേറ്റർ മുതൽ കൂട്ടിയ ആകെ തുകയുടെ നിയമാനുസൃത നിരക്കിൽ കണക്കാക്കിയ ₹7373 ലിക്വിഡേഷൻ ചാർജ്ജിനത്തിൽ അടവാക്കുകയും തുടർന്ന് ബാക്കി നിന്നിരുന്ന തുക ₹3709 മുഴുവനായും തിരൂർ അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് 12-8-2025 ന് അടവാക്കുകയും ചെയ്തിട്ടുണ്ട്.

ലിക്വിഡേഷൻ ആഡിറ്റ് യഥാവിധി എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ ബാധ്യതകൾ മുഴുവനായും അടവാക്കിയിട്ടുണ്ട്. സമാപ്തീകരണ നടപടികൾ പൂർത്തികരിച്ച് അന്തിമ പൊതുയോഗം 8-9-2025-ന് ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും പരാമർശം (6) പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് സംഘത്തിന്റെ അന്തിമ പൊതുയോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് 73(3)-ന് വിധേയമായ റിപ്പോർട്ട് സഹിതം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ പരിശോധിച്ച് പരാമർശം (7) പ്രകാരം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണന്ന് ശിപാർശയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

പൊന്മള സഹകരണ അർബൻ ബാങ്ക് (യു.എൽ.) ക്ലിപ്തം നമ്പർ എം. 649-ന്റെ അന്തിമ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം 1969 ചട്ടം 70 പ്രകാരം മൂന്ന് വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കുശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.21 03:06:32 +05:30